(സി & ഡി) പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടുക്കി, കുറ്റ്യാടി പദ്ധതികൾ.

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:

1. പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ നവീകരണവും പുനരുദ്ധാരണവും വഴി സ്ഥാപിതശേഷി 32 മെഗാവാട്ട് (4x8 MW)-ൽനിന്നും 36 മെഗാവാട്ട് (4x9 MW) ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ (2015 മേയ് മാസത്തോടെ) നിലവിലുള്ള ശേഷി 32 MW-ൽനിന്നും 36 MW ആയി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീനിന്റെ നവീകരണം പൂർത്തീകരിച്ച് 9 MW ശേഷിയിൽ 15-4-2014 മുതൽ ഉൽപാദനം തുടങ്ങി.

2. ഷോളയാർ (3x18 MW)- പ്രസ്തുത പദ്ധതിയുടെ നവീകരണത്തിനായി ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ പങ്കെടുത്ത ആർക്കും തന്നെ നിശ്ചയിച്ചിട്ടുള്ള യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത ജോലി ഇ-ടെൻഡർ മുഖേന റീ-ടെണ്ടർ ചെയ്യുകയുണ്ടായി. ഇതിൽ പങ്കെടുത്തവരുടെ Pre- qualification bid-ന്റെ പരിശോധന പുരോഗമിച്ചുവരുന്നു.

3. ഇടുക്കി (3x130 MW)- ഇടുക്കി ഒന്നാംഘട്ട മെഷീനുകളുടെ RLA പഠനം പൂർത്തിയാക്കി. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി ബോർഡ്, 70 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനുവേണ്ടിയുള്ള ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4. കുറ്റ്യാടി (3x25 MW)- കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതാ പഠനവും RLA പഠനവും പൂർത്തീകരിച്ച് AHEC എന്ന സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ബോർഡ് പരിശോധിച്ചുവരുന്നു.

ഡാം സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി

10 (7846) ശ്രീ. എം. എ. വാഹിദ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കേന്ദ്ര-വിദേശസഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ശബരിഗിരി, പൊരിങ്ങൽകുത്ത്, ഇടുക്കി, ഷോളയാർ, നേര്യമംഗലം, പള്ളിവാസൽ, പന്നിയാർ, ഇടമലയാർ, ചെങ്കുളം, കുറ്റ്യാടി, കക്കാട്, ലോവർ പെരിയാർ തുടങ്ങിയ 12 ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണ പ്രവർത്തനങ്ങളും നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ, ഡാം സുരക്ഷാ ക്രമീകരണങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുക, സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുക, ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

(സി) ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) 18-4-2012 മുതൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനു മുന്നോടിയായി ഹൈഡ്രോളജി പുനരവലോകനം, ഡാമിന്റെ സ്ട്രക്ചറൽ പുനരവലോകനം, ഡാം സുരക്ഷാ പുനരവലോകന സമിതിയുടെ പരിശോധനയും നിർദ്ദേശങ്ങളും, എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, ദർഘാസ് പ്രമാണങ്ങൾ തയ്യാറാക്കലും അവയുടെ അംഗീകാരവും, പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തന ടെംപ്ലേറ്റ് തയ്യാറാക്കലും അംഗീകാരവും തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുള്ള വിവിധ ഡാമുകളുടെ മുകളിൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ശബരിഗിരി പദ്ധതിയുടെ ആദ്യഭാഗം പ്രവർത്തനങ്ങളുടെ ദർഘാസ് പ്രമാണങ്ങൾ കേന്ദ്ര ജല കമ്മീഷന്റെയും ലോകബാങ്കിന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇ-ടെണ്ടർ ചെയ്യുന്നതാണ്. കൂടാതെ പൊരിങ്ങൽകുത്ത് പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ടെണ്ടർ ചെയ്യുന്ന രീതിയിൽ പുരോഗമിക്കുന്നു. മറ്റ് ഡാമുകളുടെ പദ്ധതിയിലുൾപ്പെട്ട പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള ശ്രമത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly